## ആമുഖം

'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈ മഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ സന്ദേശമായും പ്രസിദ്ധീകരിക്കുന്ന ലഘുകൃതികളിൽ അഞ്ചാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും ഉദ്ഘോഷിക്കുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അരലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെ സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് ജനറൽ കൺവീനർ
10-12-2007



# സൗഹൃദത്തിന്റെ സന്ദേശം

**ഇ**സ്‌ലാമിക നീതി മറ്റു മതങ്ങളോടും സമുദായങ്ങളോടും സ്വീകരിക്കേണ്ട സമീപനം സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ നിർണയിച്ചിട്ടുണ്ട്. പ്രപഞ്ച സ്രഷ്ടാവായ ദൈവം വ്യത്യസ്ത കാലഘട്ടങ്ങളിലും ദേശങ്ങളിലും മനുഷ്യർക്ക് സന്മാർഗം തെളിയിച്ച് കൊടുക്കാനായി പ്രവാചകന്മാർ മുഖേന നല്കിയ സത്യസന്ദേശമാണ് മതം. ഈ ശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി. മുൻ കഴിഞ്ഞ മതങ്ങളെയും, മതപ്രവാചകന്മാരെയും അംഗീകരിക്കാതെ ഒരാൾക്ക് മുസ്‌ലിം വിശ്വാസിയാകാൻ സാധ്യമല്ലെന്ന് ഖുർആൻ 2:136 ൽ വ്യക്തമാക്കുന്നു. യഥാർഥത്തിൽ ദൈവത്തിങ്കൽ ഒരു മതം മാത്രമേയുള്ളൂ. ഇതിന്റെ അവസാനത്തെ ദൈവ നിയുക്തപ്രബോധകൻ എന്ന നിലയ്ക്ക് മുഹമ്മദ് നബിയിലും അദ്ദേഹം ഉദ്ഘോഷിച്ച തത്വങ്ങളിലും വിശ്വസിക്കാൻ ലോകത്തിലെ മുഴുവൻ മനുഷ്യരും ബാധ്യസ്ഥരാണതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. നബി പ്രബോധനം ചെയ്ത സത്യം മനുഷ്യ സമൂഹത്തിലേക്കെത്തിക്കേണ്ട കടമയും മുസ്‌ലിംകൾക്കുണ്ട്. അതേ അവസരം തന്നെ അത് സ്വീകരിക്കുവാനും തള്ളുവാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഇസ്‌ലാം പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. "ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ." (ഖുർആൻ 18:29) വിശ്വസിച്ചവർക്ക് ഭൗതിക ജീവിതത്തിൽ സൗഭാഗ്യവും മരണാനന്തരം ശാശ്വത വിജയവും ലഭിക്കുമെന്ന് അതുറപ്പ് നല്കുകയും ചെയ്യുന്നു. എന്നാൽ നിർബന്ധ മതപരിവർത്തനത്തെ ഖുർആൻ ശക്തമായി എതിർക്കുന്നു. "മതം സ്വീകരിക്കാൻ നിർബന്ധിക്കാൻ പാടില്ല. സന്മാർഗവും ദുർമാർഗവും വേർതിരിഞ്ഞ് കഴിഞ്ഞു. (2:256) എന്നാൽ ഏതെങ്കിലും ഒരു മതത്തിന്റെ അനുയായി ആയി എന്നതുകൊണ്ട് രക്ഷ ലഭിക്കുമെന്ന മിഥ്യാധാരണയെ ഖുർആൻ ശക്തമായി എതിർക്കുന്നു. "നിങ്ങളുടെയോ വേദക്കാരുടെയോ വ്യാമോഹങ്ങളനുസരിച്ചല്ല വിജയം. മറിച്ച് ആർ തിന്മ ചെയ്യുന്നുവോ അതിന്റെ ഫലം അവർ അനുഭവിക്കേണ്ടിവരും." (4:123) മുസ്‌ലിം വിശ്വാസികളോ യഹൂദരോ, ക്രിസ്ത്യാനികളോ, സാബികളോ ആരാകട്ടെ അവർ ദൈവത്തിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുകയും സുകൃതം പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവർക്ക് ദൈവത്തിൽ നിന്നുള്ള പ്രതിഫലം ലഭിക്കും. അവർ ഒന്നും ഭയപ്പെടേണ്ടതില്ല. ദുഃഖിക്കേണ്ടി വരികയുമില്ല." (2:62) ദൈവസന്നിധിയിൽ ഏറ്റവും ആദരണീയൻ ഏറ്റവും വലിയ ഭക്തൻ മാത്രമാണ്.

മുസ്‌ലിമും ഹിന്ദുവും ക്രിസ്ത്യാനിയും ജൂതനും പാർസിയുമെല്ലാം വ്യത്യസ്ത മതക്കാരാണെങ്കിലും അവരെയെല്ലാം കൂട്ടിയിണക്കുന്ന ഒരു സുപ്രധാന ഘടകമുണ്ട്- അതാണ് മാനുഷികത. അതായത് എല്ലാ മനുഷ്യരും ഒരേ മാതാവിന്റെയും പിതാവിന്റെയും സന്തതികൾ. "ജനങ്ങളേ നിങ്ങളെയെല്ലാം ഒരാണിൽ നന്നും പെണ്ണിൽ നിന്നും നാം സൃഷ്ടിച്ചു. നിങ്ങളെ വ്യത്യസ്ത ഗോത്രങ്ങളും ജനവിഭാഗങ്ങളുമായി തരം തിരിച്ചത് പരസ്പരം അറിയാൻ വേണ്ടി മാത്രം." (49:13) അതുകൊണ്ട് മനുഷ്യൻ എന്ന നിലയ്ക്ക് ഏത് മതം സ്വീകരിച്ചവരും മതനിഷേധികളായ നിരീശ്വരവാദികളും എല്ലാവരും തുല്യരും പരസ്പരം മാനുഷികമായ കടമകൾ പാലിക്കാൻ ബാധ്യ

സ്ഥരുമാണ്. ഈ ഭൂമിയിൽ മനുഷ്യർക്ക് നന്മയും ക്ഷേമയും പരസ്പരം കൈവരുത്താനും രാജ്യത്തിന്റെയും ജനങ്ങളുടെയും പുരോഗതിക്കും തിന്മ നിർമാർജനം ചെയ്യാനും എല്ലാവരുമായി സഹകരിച്ച് പ്രവർത്തിക്കാൻ മുസ്‌ലിംകൾ അനുശാസിക്കപ്പെടുന്നു. "നിങ്ങൾ നന്മയുടെയും ഭക്തിയുടെയും കാര്യത്തിൽ പരസ്പരം സഹകരിക്കുക: പാപകൃത്യത്തിലും അക്രമത്തിലും ഒരിക്കലും കൂട്ടുകൂടരുത്". (5:2)

"അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ച് ഉണ്ണുന്നവൻ വിശ്വാസിയല്ല" നബി പ്രസ്താവിക്കുന്നു. ഈ അയൽവാസിയുടെ മതമോ ജാതിയോ സമുദായമോ ഒന്നും പരിഗണനീയമല്ല. നബിയെ സദാ അസഭ്യം വിളിച്ചു പറഞ്ഞ് ഉപദ്രവിക്കുന്ന ഒരു അയൽക്കാരനുണ്ടായിരുന്നു. ഒരു ദിവസം അയാളുടെ ശകാരമൊന്നും കേട്ടില്ല. അന്വേഷണത്തിൽ അയാൾക്ക് രോഗമാണെന്നറിഞ്ഞു. തിരുമേനി അദ്ദേഹത്തെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. കറിയിൽ വെള്ളം ചേർത്തെങ്കിലും അയൽക്കാരനെ പരിഗണിക്കാൻ കല്പിച്ച നബി പെരുന്നാൾ ദിവസത്തെ ബലി മാംസം പോലും അമുസ്‌ലിം അയൽക്കാരന് നല്കിയിരുന്നു.

അനാഥരെ പരിഗണിക്കുകയും സാധുവിന് ആഹാരം നല്കാൻ പ്രേരിപ്പിക്കുകയും ചെയ്യാതിരിക്കുന്നവനെ മതനിഷേധിയെന്ന്" ഖുർആൻ 107:1,2,3 ൽ വിശേഷിപ്പിക്കുന്നു. ഇവിടെ കഷ്ടപ്പെടുന്നവർ സ്വന്തം മതക്കാരനെന്നോ അന്യമതക്കാരനെന്നോ ഉള്ള വിവേചനം പാടില്ല. മക്ക നിവാസികൾ നബിയെ വധിക്കാൻ ശ്രമിക്കുകയും അദ്ദേഹത്തെയും അനുയായികളെയും ജന്മനാട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്തിട്ടും ശത്രുക്കൾക്ക് കടുത്ത ക്ഷാമം നേരിട്ടപ്പോൾ നബി മദീനയിൽ നിന്ന് ഭക്ഷ്യ ധാന്യങ്ങൾ അയച്ചുകൊടുക്കുകയുണ്ടായി. ഒരു ജൂത കുടുംബത്തിന് അദ്ദേഹം ദാനം നല്കാറുണ്ടായിരുന്നു. നബിയുടെ ശിഷ്യന്മാരിൽ ചിലർ ഈദുൽ ഫിത്വ്ർ ദിനത്തിൽ ക്രിസ്തീയ പുരോഹിതന്മാർക്ക് ഫിത്വ്ർ സകാത്ത് പോലും നല്കിയിരുന്നു. ഖലീഫ ഉമർ വൃദ്ധനായ ഒരു ജൂതനെ സകാത്തിനർഹനായ 'ഫക്കീർ' (അഗതി)യായി കണക്കാക്കി അയാൾക്ക് പതിവായി ഒരു സംഖ്യ നല്കിപ്പോന്നു.

ഇതര മതസ്ഥർ പവിത്രമായി കാണുന്ന ഒന്നിനോടും മുസ്‌ലിംകൾക്ക് അനാദരം പാടില്ല. ബിംബാരാധനയെയും ദൈവത്തിന്റെ സൃഷ്ടികളോടുള്ള പ്രാർഥനയെയും ഇസ്‌ലാം കഠിനമായി എതിർക്കുന്നുവെങ്കിലും ഇതര മതസ്ഥർ ആരാധിക്കുന്ന ഒന്നിനെയും മുസ്‌ലിംകൾ ഭത്സിക്കുന്നതിനെ ഖുർആൻ 6:108ൽ നിരോധിക്കുന്നു. ഏത് വിഭാഗത്തിന്റെയും ആരാധനാലയങ്ങൾക്ക് സംരക്ഷണം നല്കാനും അവയുടെ നേരെയുള്ള ആക്രമണത്തെ ചെറുക്കുവാനും 22:40ൽ നിർദേശിക്കുന്നു.

ജറൂസലേമിലെ ക്രിസ്ത്യാനികൾക്ക് ഖലീഫ ഉമർ നല്കിയ സുരക്ഷാ ഉടമ്പടിയിലെ ഈ വകുപ്പുകൾ ശ്രദ്ധേയമാണ്: "അവരുടെ ജീവനും സ്വത്തിനും ദേവാലയത്തിനും കുരിശിനും രോഗിക്കും ആരോഗ്യമുള്ളവനും ഇതര മതസ്ഥർക്കുമെല്ലാം സുരക്ഷിതത്വം ഉറപ്പുനല്കുന്നു. അവരുടെ ചർച്ചുകൾ പാർപ്പിടമാക്കുകയോ അവ പൊളിക്കുകയോ അവയുടെ വലിപ്പം കുറയ്ക്കുകയോ ഇല്ല. അവരുടെ ഏതെങ്കിലും കുരിശോ സ്വത്തോ പിടിച്ചടക്കുകയില്ല. അവരിൽ ആർക്കും ഒരു ഉപദ്രവവും ഏല്പിക്കുകയില്ല." ഈ ഉറപ്പ് നല്കിയ ഉമറിനോട് നമസ്കാരത്തിന്റെ സമയമായപ്പോൾ ക്രിസ്ത്യാനികൾ അവരുടെ പള്ളിയിൽ കയറാ ൻ പറഞ്ഞു: പക്ഷേ അദ്ദേഹം അതിനു തയ്യാറായില്ല. മതപരമായ വിരോധം കൊണ്ടല്ല ഉമർ നമസ്കരിച്ച സ്ഥലമാണെന്ന് പറഞ്ഞ് മുസ്‌ലിംകൾ ഭാവിയിൽ ഇതിന് അവകാശവാദം ഉന്നയിക്കുമോ എന്ന് അദ്ദേഹം ഭയപ്പെടുകയാണുണ്ടായത്. അതേ സമയം പ്രവാചകൻ നജ്റാൻ പ്രദേശത്തെ ക്രിസ്ത്യാനികൾ തന്നെ സന്ദർശിക്കാൻ വന്നപ്പോൾ മദീന പള്ളിയിലാണ് അവരെ സ്വീകരിച്ചിരുത്തിയത്. അവരുടെ പ്രാർഥനയുടെ സമയമായപ്പോൾ ക്രൈസ്തവ പുരോഹിതന്മാർ പരസ്പരം നോക്കുന്നതിൽ നിന്ന് അവരുടെ ഉത്കണ്ഠ മനസ്സിലാക്കിയ നബി അവരുടെ ആചാരപ്രകാരമുള്ള പ്രാർഥന പള്ളിയിൽ വെച്ച് തന്നെ നിർവഹിക്കാൻ അനുമതി നല്കി.



നീതി നിർവഹണത്തിലും മനുഷ്യൻ എന്ന നിലക്കുള്ള അവകാശങ്ങളും കടമകളും പാലിക്കുന്നതിലും മതവ്യത്യാസം പരഗണനീയമല്ല. ഒരു അമുസ്‌ലിമിന്റെ ശവമഞ്ചം കടന്നുപോകുമ്പോൾ പ്രവാചകൻ എഴുന്നേറ്റ് നിന്ന് ആദരം പ്രകടിപ്പിച്ചു. അതൊരു ജൂതന്റെ ശവമല്ലേ? അനുയായികൾ ഉണർത്തിയപ്പോൾ തിരുമേനിയുടെ പ്രതികരണം ഇതായിരുന്നു: "അയാൾ ഒരു മനുഷ്യനല്ലേ?"

ഈജിപ്തിലെ ഗവർണറായിരുന്ന അംറുബ്നുൽ ആസിന്റെ പുത്രനും ദദ്ദേശീയനായ ഒരു അമുസ്‌ലിമിന്റെ പുത്രനും തമ്മിൽ ഓട്ട മത്സരം നടത്തി. ഗവർണരുടെ പുത്രൻ തോറ്റു. ഞാൻ പ്രഭുപുത്രൻ എന്ന് വീരവാദം മുഴക്കി അവൻ ജേതാവിനെ അടിച്ചു. കുട്ടിയുടെ പിതാവ് അവനെയും കൂട്ടി ഖലീഫയുടെ സന്നിധിയിൽ ഹാജരായി. അദ്ദേഹത്തോട് പരാതി പറഞ്ഞു. ഖലീഫ ഗവർണരെയും പുത്രനെയും വിളിച്ചു വരുത്തി. അന്യായക്കാരനായ കുട്ടിയുടെ കൈയിൽ ഒരു വടികൊടുത്ത് ഗവർണറുടെ പുത്രനെ അടിക്കാൻ പറഞ്ഞു. കുറെ തല്ലിയ ശേഷം കുട്ടിയോട് ഗവർണറെ തല്ലാൻ ഏല്പിച്ചു. "ഞാൻ എന്ത് തെറ്റ് ചെയ്തു?" എന്നായി ഗവർണർ. ഖലീഫ ഉമർ ഇങ്ങനെ ഗർജിച്ചു: "നിങ്ങൾ എപ്പോഴാണ് ജനങ്ങളെ അടിമകളാക്കാൻ തുടങ്ങിയത്? അവരുടെ മാതാക്കൾ അവരെ സ്വതന്ത്രരായിട്ടല്ലേ പ്രസവിച്ചത്?"

ഇസ്‌ലാമിക നീതിയുടെ മുമ്പിൽ മുസ്‌ലിംകളും അമുസ്‌ലിംകളും തുല്യരാണ്. താർത്താരികൾ സിറിയ ആക്രമിച്ചു കുറെ പേരെ ബന്ധനസ്ഥരാക്കി അവരുമായി ശൈഖ് ഇബ്നുതൈമിയ സന്ധിസംഭാഷണം നടത്തിയപ്പോൾ മുസ്‌ലിംകളെ മോചിപ്പിക്കാൻ തയ്യാറായി. മറ്റു മതക്കാരെയും മോചിപ്പിക്കണമെന്നും അദ്ദേഹം ശഠിച്ചു. മുസ്‌ലിംകളോട് വിരോധം വെച്ചു പുലർത്തുന്നവരായാൽ പോലും നീതി വിരുദ്ധമായി അവരോട് പെരുമാററുതെന്ന് ഖുർആൻ 5:2ൽ അനുശാസിക്കുന്നു.

അമുസ്‌ലിം സമൂഹത്തോടുള്ള പെരുമാററീതി സംബന്ധിച്ച് ഖുർആൻ വ്യക്തമായ നിർദേശങ്ങൾ നല്കുന്നുണ്ട്. എല്ലാ മതവിഭാഗങ്ങളും എതിർപ്പില്ലാതെ പൊതുവായി അംഗീകരിക്കുന്ന കാര്യങ്ങൾക്ക് കൂട്ടായ്മ ആവശ്യമാണെന്ന് 3:64 ലെ സൂക്തം വ്യക്തമാക്കുന്നു. ഇതര മതസ്ഥരുമായി സംസാരിക്കാൻ 26:46 കല്പിക്കുന്നു. ഇതര മതസ്ഥരിൽ മുസ്‌ലിംകളുടെ നേരെ അക്രമം അഴിച്ചുവിടാത്തവർക്ക് നന്മ ചെയ്യുന്നത് ദൈവം വിലക്കുന്നില്ലെന്ന് 50:8 വ്യക്തമാക്കുന്നു. മുസ്‌ലിംകളോട് ശത്രുത വച്ചു പുലർത്തുന്നവരിൽ നിന്നുണ്ടാകുന്ന തിന്മകളെ നന്മകൊണ്ട് ചെറുക്കുമ്പോൾ അവർ മിത്രങ്ങളായി മാറുമെന്ന് 41:34 വ്യക്തമാക്കുന്നു.

ഇസ്‌ലാം എന്ന വാക്കിൽ തന്നെ സമാധാനം എന്ന ആശയം അടങ്ങിയിട്ടുണ്ട്. സ്വന്തം സമുദായത്തിൽ പെട്ടവരോടെന്നല്ല ആരോടും അക്രമം കാണിക്കുന്നതിനെ മതം നിരോധിക്കുന്നു. യുദ്ധം ഇസ്‌ലാമിന്റെ മാർഗമല്ല. പ്രവാചകന്റെ കാലത്ത് നടന്ന യുദ്ധങ്ങൾ പ്രതിരോധമായിരുന്നു. യുദ്ധത്തിനിരയായവർ ആക്രമിക്കപ്പെട്ടു എന്ന കാരണത്താൽ തിരിച്ചടി നല്കാൻ അവർക്ക് അനുമതി നല്കിയിരുന്നു" എന്ന 22:39ാം വാക്യം ഈ ആശയം വ്യക്തമാക്കുന്നു. ഇസ്‌ലാമിന്റെ സത്യസന്ദേശം ലോകജനതയെ അറിയിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. ഈ മതപ്രചാരണ സ്വാത

ന്ത്ര്യത്തെ സായുധാക്രമണത്തിലൂടെ തടയാൻ ശ്രമിക്കുമ്പോൾ ഈ സ്വാതന്ത്ര്യത്തിന് വേണ്ടി സായുധ ചെറുത്തുനില്പ് വേണ്ടി വന്നിട്ടുണ്ട്. ഇങ്ങനെ പ്രതിരോധയുദ്ധം അനിവാര്യമായിത്തീർന്നാൽ അതിന് വ്യക്തമായ ചിട്ടകളും നിബന്ധനകളും വെച്ചിട്ടുണ്ട്. "നിങ്ങൾ പ്രതിക്രിയ നടപടി സ്വീകരിക്കുകയാണെങ്കിൽ നിങ്ങളുടെ നേരെ പ്രയോഗിച്ചതിന് തുല്യമായതേ പ്രയോഗിക്കാവൂ." ഖുർആൻ 2:194 വ്യക്തമാക്കുന്നു. "നിങ്ങൾ വഞ്ചിക്കരുത്; തട്ടിപ്പറി നടത്തരുത്; ഫലം കായ്ക്കുന്ന വൃക്ഷം നശിപ്പിക്കരുത്; തീവെപ്പ് നടത്തരുത്; ആരാധനാലയങ്ങളിൽ പ്രാർഥനക്ക് ജീവിതം ഉഴിഞ്ഞുവെച്ചവർക്ക് ശല്യമുണ്ടാക്കരുത്." ഇവയെല്ലാം യുദ്ധ മര്യാദകളാണ്. സ്ത്രീകളെയും കുട്ടികളെയും യുദ്ധത്തിൽ പങ്കെടുക്കാത്ത തൊഴിലാളികളെയും വധിക്കുന്നതും, ചിത്രവധം നടത്തി മൃതദേഹത്തോട് അനാദരം കാണിക്കുന്നതും സാമ്പത്തികോപരോധം ഏർപ്പെടുത്തി എതിർവിഭാഗത്തെ പട്ടിണിക്കിടുന്നതും ഇസ്‌ലാം വിലക്കിയിട്ടുണ്ട്. മുസ്‌ലിംകൾ കഴിഞ്ഞ കാലങ്ങളിൽ നടത്തിയ എല്ലാ യുദ്ധങ്ങളും ഇസ്‌ലാമിക തത്വങ്ങൾക്കനുസൃതമായിരന്നു എന്നവകാശപ്പെടാൻ നിവൃത്തിയില്ല. ജിഹാദ് യുദ്ധമല്ല. നന്മ കൈവരിക്കാനും തിന്മ നിർമാർജനം ചെയ്യാനുള്ള എല്ലാ തീവ്രശ്രമവും ജിഹാദിൽ ഉൾപ്പെടുന്ന ഭീകരപ്രവർത്തനം ജിഹാദ് അല്ല, അക്രമമാണ്.

മറ്റു മതക്കാരെ കാഫിർ എന്ന് വിളിക്കാൻ ഖുർആൻ ആവശ്യപ്പെടുന്നില്ല. 'അഹ്‌ലുൽ കിതാബ്' (വേദക്കാർ) എന്നാണ് ഖുർആന്റെ പ്രയോഗം. കാഫിറിന് ദൈവത്തിന്, നന്ദി കാണിക്കാത്തധിക്കാരി, സത്യം അംഗീകരിക്കാത്തെ നിഷേധി, അവിശ്വാസി എന്നീ അർഥങ്ങളല്ലാതെ അമുസ്‌ലിം എന്ന അർഥമില്ല. മനുഷ്യസമൂഹത്തെ പൊതുവിൽ അഭിസംബോധന ചെയ്യുമ്പോൾ 'യാ അയ്യുഹന്നാസ് (ജനങ്ങളേ), 'യാ ഇബാദീ' (എന്റെ ദാസന്മാരേ) 'യാ ബനീ ആദം' (ആദമിന്റെ മക്കളേ) എന്നിങ്ങനെയുള്ള അഭിസംബോധനാ രീതിയാണ് ഖുർആൻ സ്വീകരിച്ചിട്ടുള്ളത്.

എൺപത്തിരണ്ട് ശതമാനം ഹിന്ദുമത വിശ്വാസികൾ താമസിക്കുന്ന ഇന്ത്യ ഒരു മതാധിഷ്ഠിത രാജമല്ല. മതം, ജാതി, സമുദായം തുടങ്ങിയവയെ യാതൊരു വിവേചനവും കൂടാതെ എല്ലാ മതസ്ഥർക്കും പൂർണമായ സ്വാതന്ത്ര്യവും അവസര സമത്വവും ഭരണഘടന ഉറപ്പുവരുത്തുന്നു. ഈ അവസ്ഥ പതിനഞ്ചു കോടിയോളം വരുന്ന മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചിടത്തോളം ഒരു സൗഭാഗ്യമാണ്. ഭൂരിപക്ഷ സമുദായവുമായി സൗഹാർദത്തിൽ ജീവിച്ച് ഈ രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമത്തിനു വേണ്ടി എല്ലാവരുമായും സഹകരിച്ച് പ്രവർത്തിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. ഈ രാജ്യം പൊതുജീവിതത്തിൽ പണ്ടു മുതൽക്കേ തുടർന്ന് വരുന്ന ചില സമ്പ്രദായങ്ങളും സാംസ്കാരിക രീതികളുമുണ്ട്. അവ ഹിന്ദുസമുദായത്തിന്റേത് എന്നതിനേക്കാളുപരി ഈ നാടിന്റേതാണ്. അവയിൽ നിന്ന് ഇസ്‌ലാമിക തത്വങ്ങൾക്കെതിരായ വശങ്ങൾ ഒഴിവാക്കി മറ്റുള്ളവരോട് സഹകരണാത്മകമായ സമീപനം സ്വീകരിക്കുന്നതിന് മുസ്‌ലിംകൾക്ക് മതപരമായ വിലക്കില്ല.

മുഹമ്മദ് നബി അറബ് സമൂഹത്തിൽ നിലവിലുണ്ടായിരുന്ന സമ്പ്രദായങ്ങളിൽ നിന്ന് മുസ്‌ലിംകളുടെ വിശ്വാസത്തിനും സംസ്കാരത്തിനും യോജിക്കാത്തവ മാത്രമേ നിരാകരിക്കുന്നുള്ളൂ. ഉദാഹരണമായി, അക്രമത്തിനെതിരിൽ എല്ലാ ഗോത്രങ്ങളുടെയും ഒരു കൂട്ടായ്മയായ 'ഹിൽഫുൽ ഫുദൂൽ'. ഇതിൽ പങ്കെടുത്ത നബി പ്രവാചകത്വലബ്ധിക്കുശേഷം അതിനെ വാഴ്ത്തുകയും, ഇനിയും അത്തരം ഒരു ശ്രമം നടന്നാൽ താൻ അതിൽ പങ്കെടുക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

പ്രവാചകൻ മദീനയിൽ ചെന്നപ്പോൾ ഹിജ്റ വർഷത്തിന്റെ ആദ്യത്തെ മാസമായ മുഹർറ



ത്തിന്റെ പത്താം ദിവസം യഹൂദർ വ്രതമനുഷ്ഠിക്കുന്നതായി കണ്ടു. അന്വേഷിച്ചപ്പോൾ അല്ലാഹു ഫറോവ ചക്രവർത്തിയെ മുക്കിക്കൊല്ലുകയും, മൂസാനബിയെ രക്ഷപ്പെടുത്തുകയും ചെയ്ത ദിനത്തിന്റെ സ്മരണയാണ് അതിന്റെ അടിസ്ഥാനമെന്നറിഞ്ഞു. അങ്ങനെയെങ്കിൽ യഹൂദരേക്കാൾ കൂടുതൽ ഈ ദിവസം നോമ്പനുഷ്ഠിക്കാൻ ഏറ്റവും അർഹൻ നമ്മളാണെന്ന് പ്രഖ്യാപിച്ച് നബി ആ നോമ്പിന് അംഗീകാരം നല്കി. മാത്രമല്ല അടുത്ത വർഷം ജീവിച്ചിരിക്കുകയാണെങ്കിൽ ഒമ്പതും നോല്ക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു. ജൂതരുടെ സമ്പ്രദായം എന്ന നിലക്ക് ഈ നോമ്പ് തിരസ്കരിക്കുകയല്ല നബി ചെയ്തത്. ഇന്ത്യയിൽ ഒന്നിച്ചു ജീവിക്കുന്ന സമുദായങ്ങൾ എന്ന നിലക്ക് ഹിന്ദുക്കളുടെ പരമ്പരാഗതമായ ആഘോഷങ്ങളിലും ഉത്സവങ്ങളിലും സന്തോഷം പങ്ക് വെക്കുന്നതിനും ആശംസകൾ നേരുന്നതിനും മുസ്‌ലിംകൾക്ക് വിരോധമില്ല. എന്നാൽ അവയിൽ തങ്ങളുടെ വിശ്വാസത്തിനും സംസ്കാരത്തിനും എതിരായ വശങ്ങളിൽ അവർക്ക് പങ്ക് ചേരാൻ നിവൃത്തയില്ല.

ഇന്ത്യയിൽ രാഷ്ട്രീയ താത്പര്യങ്ങൾ ലക്ഷ്യം വെക്കുന്ന ചിലർ മുസ്‌ലിംകളോട് വിരോധം വെച്ചുപുലർത്തുന്നുവെന്നത് സത്യമാണ്. ഇവരിൽ നിന്നുള്ള അക്രമങ്ങളെ പ്രതിരോധിക്കാനുള്ള സന്നാഹം ഒരുക്കുന്നതിന് പകരം സൗഹൃദപൂർണമായ സമീപനങ്ങളിലൂടെ തെറ്റിദ്ധാരണ അകറ്റുകയും അകലുന്ന മനസ്സുകളെ അടുപ്പിക്കുകയുമാണ് വേണ്ടത്. ഹിന്ദു സമുദായത്തിൽ തൊണ്ണൂറ് ശതമാനവും മുസ്‌ലിംകളുമായി നല്ല ബന്ധം പുലർത്തുന്നവരാണ്. ഇവരിൽ സംശയവും വെറുപ്പും സൃഷ്ടിക്കാൻ ഇടയാക്കുന്ന സമീപനരീതി സ്വീകരിക്കുന്നത് സ്വത്വത്തെ തന്നെ നാശത്തിലേക്ക് നയിക്കലായിരിക്കും.

മുസ്‌ലിം സമൂഹത്തിലെ ചില വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും നേരെ ആരോപിക്കപ്പെടുന്ന തീവ്രവാദം പീഡിത മനസ്സുകളുടെ പൊട്ടിത്തെറിയാണെങ്കിലും അത് ഇസ്‌ലാമിക തത്വങ്ങൾക്ക് കടക വിരുദ്ധമാണ്. തിന്മയെ തിന്മയിലൂടെ ഒരിക്കലും നിർമാർജനം ചെയ്യാൻ സാധ്യമല്ല. നിരപരാധികളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന പ്രവർത്തനം മതത്തിന്റെ പേരിൽ ചെയ്യുമ്പോൾ അത് ആ മതത്തിനോടും അത് ഉൾക്കൊള്ളുന്ന സമൂഹത്തോടും വെറുപ്പ് ഉളവാക്കുവാനേ ഉപകരിക്കുകയുള്ളൂ.

ഇസ്‌ലാമിന്റെ മഹത്തായ സൗഹൃദസന്ദേശം ജനങ്ങളിലേക്കെത്തിക്കുവാനായി 2008 ഫെബ്രുവരി 7 മുതൽ 10 വരെ വയനാട് ജില്ലയിലെ പനമരത്ത് വച്ച് നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനത്തിലേക്ക് താങ്കൾക്കും കുടുംബത്തിനും സ്വാഗതം.

**ISLAM FOR JUSTICE & GOODNESS**

# MUJAHID 7th STATE CONFERENCE WAYANAD

**2008 FEBRUARY 7,8,9,10**

**ADMINISTRATIVE OFFICE:** MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org
**RECEPTION COMMITTE OFFICE:** NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-314566